**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1792** **29-09-2025 - ൽ മറുപടിയ്ക്ക്**

**ഉന്നതവിദ്യാഭ്യാസ പ്രവേശനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ജെ. മാക്സി** | | **ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | ഇന്ത്യയിൽ ഉന്നതവിദ്യാഭ്യാസത്തിന് പ്രവേശനം നേടുന്നവരിൽ നിന്നും സ്ത്രീ - പുരുഷ അനുപാതത്തിൽ സംസ്ഥാനത്തിന് ഒന്നാം സ്ഥാനം ലഭിച്ചിട്ടുണ്ടോ; | (എ) | ആൾ ഇന്ത്യ ഹയർ എഡ്യൂക്കേഷൻ സർവ്വേ (AISHE) 2021-22 റിപ്പോർട്ട് പ്രകാരം ദേശീയതലത്തിലെ സ്ത്രീ - പുരുഷ അനുപാത സൂചിക 1.01 -ഉം കേരളത്തിലേത് 1.44 -ഉം ആണ്. ഇത് സംസ്ഥാനങ്ങളുടെ പട്ടികയിൽ ഏറ്റവും ഉയർന്ന ജെന്റർ പാരിറ്റി ഇൻഡക്സ് (GPI) ആണ്. |
| (ബി) | എങ്കിൽ ഈ നേട്ടം കൈവരിക്കുന്നതിന് നിലവിലെ വിദ്യാഭ്യാസ നയങ്ങൾ എത്രത്തോളം സഹായകമായിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | ഈ നേട്ടം കൈവരിക്കുന്നതിന് സഹായകമായിട്ടുള്ള വിദ്യാഭ്യാസ നയങ്ങൾ താഴെപ്പറയുന്നവയാണ്.<br>1. മെരിറ്റിന്റെയും റിസർവ്വേഷന്റെയും അടിസ്ഥാനത്തിലുള്ള വിദ്യാർത്ഥി പ്രവേശനം.<br>2. സാമൂഹികവും മറ്റുമായിട്ടുള്ള പിന്നാക്ക വിഭാഗങ്ങൾക്കുള്ള സ്കോളർഷിപ്പ് പദ്ധതികൾ<br>3. പൊതു സർവ്വകലാശാലകളുടെയും ഗവൺമെന്റ്/ എയ്ഡഡ്/ സ്വാശ്രയ മേഖലയിലെ കോളേജുകളുടെയും കോഴ്സുകളുടെയും വ്യാപനം.<br>4. കാലോചിതമായ കരിക്കുലം പരിഷ്കാരങ്ങൾ<br>5. സർവ്വകലാശാലകളിലെയും കോളേജുകളിലെയും വർദ്ധിച്ച പശ്ചാത്തല സൗകര്യങ്ങൾ<br>6. എസ്.സി./ എസ്.ടി. വിദ്യാർത്ഥികൾക്കുള്ള പ്രത്യേക ഹോസ്റ്റലുകൾ ഉൾപ്പെടെ വർദ്ധിച്ച ഹോസ്റ്റൽ സൗകര്യങ്ങൾ |
| (സി) | സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസം നേടുന്ന കൂടുതൽ സ്ത്രീകളും തൊഴിൽ രംഗത്തേക്ക് എത്തപ്പെടുന്നില്ല എന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (സി) | ഇല്ല. ക്യാമ്പസ് പ്ലേസ്മെന്റ് വഴി തെരഞ്ഞെടുക്കപ്പെടുന്നവരിൽ പെൺകുട്ടികളുടെ എണ്ണം ആൺകുട്ടികളുടേതിനേക്കാൾ ഒട്ടും കുറവല്ല. വിദ്യാർത്ഥിനികൾ തൊഴിലിനെക്കാൾ ഉപരിയായി ഉന്നത വിദ്യാഭ്യാസത്തിലേക്കും ഗവേഷണങ്ങളിലേക്കും തിരിയുന്ന പ്രവണത നിലവിലുണ്ട്. എൻജിനീയറിങ് മേഖലയിൽ നിന്നും ഉന്നത വിദ്യാഭ്യാസം നേടുന്ന കൂടുതൽ സ്ത്രീകളും തൊഴിൽ രംഗത്തേക്ക് എത്തപ്പെടേണ്ടതിന്റെ ആവശ്യകത കണക്കിലെടുത്ത് 2018 -ൽ കണ്ണൂർ എൻജിനീയറിങ് കോളേജിൽ Scheme for Her Empowerment In Engineering |

| | | | |
|---|---|---|---|
| | | | Education (SHE) എന്ന പദ്ധതി ആരംഭിക്കുകയും, തുടർന്ന് സംസ്ഥാനത്തുടനീളമുള്ള എല്ലാ സർക്കാർ എൻജിനീയറിങ് കോളേജുകളിലേക്കും പോളിടെക്നിക്കുകളിലേക്കും ടി പദ്ധതി വ്യാപിപ്പിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ എൻജിനീയറിങ് പഠിക്കുന്ന പെൺകുട്ടികൾ, എൻജിനീയർമാരാകാൻ ആഗ്രഹിക്കുന്ന പെൺകുട്ടികൾ, ഇതിനകം എൻജിനീയറിങ് തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന സ്ത്രീകൾ എന്നിങ്ങനെ മൂന്നു ഗ്രൂപ്പുകളെ ലക്ഷ്യം വെച്ചാണ് ടി പദ്ധതി നടപ്പിലാക്കുന്നത്. പരിശീലന പരിപാടികൾ, വിദഗ്ധരുമായുള്ള ആശയവിനിമയം, മെന്റർഷിപ്പ് സംരംഭങ്ങൾ എന്നിവ ഈ പദ്ധതിയുടെ ഭാഗമായി സംഘടിപ്പിച്ചുവരുന്നു. ഇവയിലൂടെ സ്ത്രീ ശാക്തീകരണത്തിനുള്ള ഒരു ജൈവാന്തരീക്ഷം സൃഷ്ടിക്കാനും, തൊഴിലവസരങ്ങളെയും നൂതന സാങ്കേതികവിദ്യകളെയും കുറിച്ചുള്ള അവബോധം വർദ്ധിപ്പിക്കാനും, തൊഴിൽ മേഖലയിൽ ഉയർന്നുവരുന്ന വെല്ലുവിളികളെ ഏറ്റെടുക്കാനും വനിതാ എഞ്ചിനീയർമാരെ പ്രാപ്തരാക്കുന്നു.<br><br>അസാപ് കേരള 350-ലധികം ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ചേർന്ന് സെന്റർ ഫോർ സ്കിൽ ഡെവലപ്പ്മെന്റ് കോഴ്സസ് ആൻഡ് കരിയർ പ്ലാനിംഗ് സ്ഥാപിക്കുന്നതിന് ധാരണാപത്രം ഒപ്പു വെച്ചിട്ടുണ്ട്. പ്രസ്തുത കേന്ദ്രങ്ങൾ, പഠനത്തോടൊപ്പം തന്നെ തൊഴിൽ മേഖലയിൽ വിജയം കൈവരിക്കാനാവശ്യമായ നൈപുണ്യ പരിശീലനം നേടാനും മികച്ച തൊഴിലിലേക്കെത്തിപ്പെടാനും വിദ്യാർത്ഥികൾക്ക് അവസരമൊരുക്കുന്നു. കൂടാതെ അസാപ് കേരള, വനിതാ-ശിശുക്ഷേമ വകുപ്പുമായി ചേർന്ന് വിദ്യാർത്ഥിനികൾക്കും സ്ത്രീകൾക്കും തൊഴിൽ നൈപുണ്യ വികസനത്തിനായുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുകയും തൊഴിൽ നേടാനുള്ള സഹായം ഉറപ്പാക്കുകയും ചെയ്യുന്നു.<br><br>കേരള സർവകലാശാല KUBIIC എന്ന ഇൻക്യുബേഷൻ സെന്റർ, പ്ലെയ്സ്മെന്റ് സെൽ, ഫിനിഷിംഗ് സ്കൂൾ എന്നിവ മുഖേന വിദ്യാർത്ഥികളുടെ തൊഴിൽശേഷി വികസനത്തിൽ പരിശീലനം നടത്തിവരുന്നു. |
| (ഡി) | ഉന്നത വിദ്യാഭ്യാസം നേടുന്ന വനിതകൾക്ക് തൊഴിൽ മേഖലയിൽ വിജയം കൈവരിക്കുന്നതിനുള്ള കഴിവുകൾ വികസിപ്പിക്കുന്നതിന് സഹായങ്ങൾ നൽകുന്നുണ്ടോ; വിശദമാക്കുമോ? | (ഡി) | (സി) -യിൽ മറുപടി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ